# 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4694** | **19-07-2022 - ൽ മറുപടിയ്ക്ക്**

## പള്ളിക്കര കുടുംബാരോഗ്യ കേന്ദ്രത്തിനായുള്ള കെട്ടിടനിർമ്മാണം

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ സി എച്ച് കുഞ്ഞമ്പു</td><td colspan="2">ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കാസർഗോഡ് ജില്ലയിലെ പള്ളിക്കര കുടുംബാരോഗ്യ കേന്ദ്രത്തിന് തീരദേശ വികസന കോർപ്പറേഷൻ മുഖേന പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അനുവദിച്ചിട്ടുള്ള തുക വ്യക്തമാക്കുമോ;</td><td>(എ)</td><td>കാസർഗോഡ് ജില്ലയിലെ പള്ളിക്കര പ്രൈമറി ഹെൽത്ത് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 187.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത പദ്ധതിക്കായുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം നൽകുമോ;</td><td>(ബി)</td><td>പ്രസ്തുത പദ്ധതിക്കായുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1 | പ്രൈമറി ഹെൽത്ത് സെന്റർ - പുതിയ കെട്ടിട നിർമ്മാണം | 151.91924 ലക്ഷം രൂപ<br>2 | വൈദ്യുതീകരണം | 9.11515 ലക്ഷം രൂപ<br>3 | ഉപകരണങ്ങൾ | 3.00 ലക്ഷം രൂപ</td></tr>
<tr><td>(സി)</td><td>പ്രസ്തുത എസ്റ്റിമേറ്റിൽ സിവിൽ വർക്ക് കൂടാതെ ആശുപത്രി ഉപകരണങ്ങൾ, ഫർണ്ണിച്ചറുകൾ എന്നിവ വാങ്ങുന്നതിനും തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;</td><td>(സി)</td><td>പ്രസ്തുത എസ്റ്റിമേറ്റിൽ ആശുപത്രി ഉപകരണങ്ങൾക്കായി 3.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 2.99 ലക്ഷം രൂപ ആശുപത്രി ഫർണിച്ചറിനായി ചെലവഴിച്ചിട്ടുണ്ട്.</td></tr>
<tr><td>(ഡി)</td><td>പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുകയിൽ നീക്കിയിരിപ്പുണ്ടോ;</td><td>(ഡി)</td><td>പ്രസ്തുത പദ്ധതിക്കായി നാളിതുവരെ 142.29658 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഭരണാനുമതി തുകയായ 187.00 ലക്ഷം രൂപയിൽ ചെലവായ തുക കിഴിച്ച് 44.70342 ലക്ഷം രൂപ അവശേഷിക്കുന്നുണ്ട്. പള്ളിക്കര പിഎച്ച്സി യുടെ പണി പൂർത്തീകരിച്ച് 15/02/2021 ൽ ഉദ്ഘാടനം നിർവ്വഹിക്കുകയും 23.09.2021 ൽ പള്ളിക്കര ഗ്രാമപഞ്ചായത്തിന് കൈമാറുകയും ചെയ്തു.</td></tr>
<tr><td>(ഇ)</td><td>എങ്കിൽ കുടുംബാരോഗ്യ കേന്ദ്രത്തിന് ആശുപത്രി ഉപകരണങ്ങൾ, ഫർണ്ണിച്ചറുകൾ എന്നിവ വാങ്ങുന്നതിന് പ്രസ്തുത തുക വിനിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?</td><td>(ഇ)</td><td>കുടുംബാരോഗ്യ കേന്ദ്രത്തിന് ആശുപത്രി ഉപകരണങ്ങൾ, ഫർണ്ണിച്ചറുകൾ എന്നിവ വാങ്ങുന്നതിന് പ്രസ്തുത തുക വിനിയോഗിക്കുന്ന കാര്യം</td></tr>
</table>

| | | | |
|---|---|---|---|
| | | | തീരദേശ വികസന കോർപ്പറേഷൻ പരിശോധിച്ചുവരുന്നു . |

സെക്ഷൻ ഓഫീസർ